# കുരിശിന്റെ വഴി

# Stations of the Cross

**In Malayalam (old and new) and English**



***KNANAYA CATHOLIC REGION***

***St. Thomas Syro-Malabar Catholic Diocese of Chicago***

*(For private use only)*




# കുരിശിന്റെ വഴി

പുതിയത് പേജ് 9ൽ

# Stations of the Cross

**Page 18 for Prayers in English**

*(For private use of the Knanaya Catholic Region)*



## കുരിശിന്റെ വഴി (പഴയത്)

### പ്രാരംഭഗാനം

ഈശോയേ ക്രൂശും താങ്ങി-
പോയ നിന്റെ അന്ത്യയാത്രയിതിൽ
കന്നിമേരി-യമ്മയോടും
ചേർന്നുനിന്നെയനുഗമിച്ചീടുന്നു ഞങ്ങൾ.

സ്വർഗ്ഗീയ-മാർഗ്ഗമിതിൽ
നീ ചൊരിഞ്ഞ രക്തത്തുള്ളികളാം
രത്നങ്ങളെ ശേഖരിക്കാൻ
നീ ഉണയ്ക്കൂ, നിനക്കവ കാഴ്ചവച്ചീടാം.

### പ്രാരംഭ പ്രാർത്ഥന

**കാർമ്മി:** "ഭൂലോകപാപങ്ങളെ നീക്കുന്ന / ദൈവത്തിന്റെ കുഞ്ഞാടായ" മിശിഹായേ, മനുഷ്യരുടെ പാപങ്ങൾക്കു പരിഹാരമായി / ഗാഗുൽത്താമലയിൽ / അങ്ങു രക്തം ചിന്തിക്കൊണ്ടു സമർപ്പിച്ച ദിവ്യബലിയിൽ / ആത്മനാ പങ്കുകൊള്ളുവാൻ / ഞങ്ങൾ ആഗ്രഹിക്കുന്നു. ശിരസ്സിൽ മുൾമുടി ചൂടിയും / തോളിൽ കുരിശു വഹിച്ചും / അങ്ങു ഗാഗുൽത്തായിലേക്കുപോയ ആ വഴിയിൽ / അങ്ങേ ദിവ്യ മാതാവിനോടൊത്ത് / ഞങ്ങളും അങ്ങയെ അനുഗമിക്കുന്നു. മാനസികമായ അങ്ങയുടെ ക്ലേശങ്ങൾക്കും, ശാരീരികമായ അങ്ങയുടെ പീഢാസഹനങ്ങൾക്കും / ഞങ്ങളുടെ പാപങ്ങളാണല്ലോ കാരണം. കർത്താവേ, ഞങ്ങളുടെ പാപങ്ങളോർത്ത് / ഞങ്ങൾ മനഃസ്തപിക്കുന്നു. ഇനി മേലിൽ പാപംചെയ്ത് / അങ്ങയെ വേദനിപ്പിക്കുകയില്ല എന്ന് / ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു. അനുദിന ജീവിതത്തിലെ / ക്ലേശങ്ങളാകുന്ന കുരിശും വഹിച്ചുകൊണ്ട് / അങ്ങയുടെ പിന്നാലെ വരുവാനും / ജീവിതബലി പൂർത്തിയാക്കുവാനുള്ള അനുഗ്രഹം / ഞങ്ങൾക്കു പ്രദാനം ചെയ്യണമേ.

**കാർമ്മി:** കർത്താവേ, അനുഗ്രഹിക്കണമേ.

**സമൂഹം:** പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരന്റെ തിരുമുറിവുകളെ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

### ഒന്നാം *സ്ഥലത്തേയ്ക്ക് പോകുമ്പോൾ*

പീലാത്തോസ് - അന്യായമായ്
ഈശോയേ കൊല്ലുവാനായ് വിധിച്ചു.
നമ്മുടെ വൻ - പാപഗണം
കാരണമായിതിനെന്നു ധ്യാനിച്ചീടുക.

ന്യായേശാ പാപികളാം
ഞങ്ങളെ നീ വിധിച്ചീടും നാളിൽ
നീതിപോലെ ചെയ്യരുതേ!
കാരുണ്യത്തോടെ ഞങ്ങളെ തൃക്കൺപാർക്കണേ.

### ഒന്നാം സ്ഥലം
### ഈശോമിശിഹായെ മരണത്തിനു വിധിക്കുന്നു.

**കാർമ്മി:** ഈശോമിശിഹായേ, അങ്ങയെ ഞങ്ങൾ ആരാധിച്ചു കുമ്പിട്ട്, അങ്ങേക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

**സമൂഹം:** എന്തുകൊണ്ടെന്നാൽ, അങ്ങേ വിശുദ്ധ കുരിശാൽ, അങ്ങു ലോകത്തെ വീണ്ടു രക്ഷിച്ചു.

**കാർമ്മി:** സർവ്വശക്തനായ കർത്താവേ, നിർദ്ദോഷിയായിരുന്നിട്ടും / ഒരു പാതകിയെപ്പോലെ / പീലാത്തോസിന്റെ മുമ്പിൽ / അവഹേളിതനായി നിറുത്തപ്പെട്ട / അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. ഞങ്ങളുടെ നിരവധിയായ പാപങ്ങൾ നിമിത്തം / ഇന്നും അങ്ങയെ ഞങ്ങൾ അവഹേളിക്കുകയും / ഒറ്റിക്കൊടുക്കുകയും / അന്യായമായി വിധിക്കുകയും ചെയ്യുന്നു. സഭയുടെ ശത്രുക്കൾ വിശ്രമമില്ലാതെ പ്രവർത്തിക്കുമ്പോൾ / ഞങ്ങൾ അലസരായി കഴിയുന്നു. കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോടു ക്ഷമിക്കണമേ. അനുദിന ജീവിതത്തിൽ / ഞങ്ങൾക്കെതിരായി / മറ്റുള്ളവർ പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്ന / എല്ലാ തിന്മകളേയും / ക്ഷമാപൂർവ്വം സഹിക്കുവാനും / ഞങ്ങളുടെ പാപപരിഹാരത്തിനായി / അവയെ വിനയപൂർവ്വം കാഴ്ചവയ്ക്കുവാനുമുള്ള അനുഗ്രഹം / ഞങ്ങൾക്കു നല്കണമേ.

1 സ്വർഗ്ഗ. 1 നന്മ.

**കാർമ്മി:** കർത്താവേ, അനുഗ്രഹിക്കണമേ.

**സമൂഹം:** പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരന്റെ തിരുമുറിവുകളെ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

### രണ്ടാം *സ്ഥലത്തേയ്ക്ക് പോകുമ്പോൾ*

യൂദന്മാർ - ഭാരമേറും
ക്രൂശുതന്റെ തിരുതോളിലേറ്റി
സോദരരെ താൻ ചുമക്കും
ക്രൂശു നമ്മൾ ചെയ്ത പാപഭാരമല്ലയോ.

നാഥാ, ഈ ജീവിതത്തിൽ
ക്രൂശുകളാം ബഹുക്ലേശങ്ങളെ

മോദമോടെ - കൈക്കൊൾവാനും
സഹിക്കാനും ഞങ്ങളെ നീ ശക്തരാക്കണേ.

**രണ്ടാം സ്ഥലം**
**ഈശോമിശിഹാ കുരിശു വഹിക്കുന്നു.**

**കാർമ്മി:** ഈശോമിശിഹായേ, അങ്ങയെ ഞങ്ങൾ ആരാധിച്ചു കുമ്പിട്ട്, അങ്ങേക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

**സമൂഹം:** എന്തുകൊണ്ടെന്നാൽ, അങ്ങേ വിശുദ്ധ കുരിശാൽ, അങ്ങു ലോകത്തെ വീണ്ടു രക്ഷിച്ചു.

**കാർമ്മി:** ഭൂലോക രക്ഷകനായ മിശിഹായേ, ഞങ്ങളുടെ പാപങ്ങൾ / അങ്ങേയ്ക്കായി ഒരുക്കിയ / ഭാരമേറിയ കുരിശും വഹിച്ചുകൊണ്ട് / സന്തോഷപൂർവ്വം അങ്ങു ഗാഗുൽത്താ മലയിലേയ്ക്കു കയറിയല്ലോ. ശിഷ്യന്മാരാൽപ്പോലും പരിത്യക്തനായി, ക്രൂരന്മാരായ ശത്രുക്കളുടെ മദ്ധ്യേ / അങ്ങു കുരിശു വഹിച്ചുകൊണ്ടു പോകുവാൻ കാരണമാക്കിയ / ഞങ്ങളുടെ പാപങ്ങളേയും / അവയുടെ സാഹചര്യങ്ങളേയും / ഞങ്ങൾ വെറുക്കുന്നു. അവയെക്കുറിച്ചു ഞങ്ങൾ മനഃസ്തപിക്കുകയും / മേലിൽ പാപം ചെയ്യുകയില്ലെന്നു / പ്രതിജ്ഞ ചെയ്യുകയും ചെയ്യുന്നു. ഞങ്ങളുടെ ജീവിതം / കുരിശു നിറഞ്ഞതായി തോന്നുമ്പോൾ, ഭഗ്നാശരാകാതെ, അങ്ങയുടെ മാതൃക പിഞ്ചെന്ന്, കുരിശുകളെ സന്തോഷപൂർവ്വം ഏറ്റെടുക്കുവാനും / ജീവിതബലി പൂർത്തിയാക്കുവാനുമുള്ള അനുഗ്രഹം / ഞങ്ങൾക്കു പ്രദാനം ചെയ്യണമേ.

1 സ്വർഗ്ഗ. 1 നന്മ.

**കാർമ്മി:** കർത്താവേ, അനുഗ്രഹിക്കണമേ.

**സമൂഹം:** പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരന്റെ തിരുമുറിവുകളെ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

**മൂന്നാം *സ്ഥലത്തേയ്ക്ക്* പോകുമ്പോൾ**

ഭാരത്താൽ - ക്ഷീണിച്ചുതാൻ
പാറമേൽ കാൽതട്ടി വീഴുന്നയ്യോ.
സ്നേഹിതരേ പാപങ്ങളിൽ
ആദ്യമായ് നാം വീണതിതിൽ കാരണമല്ലോ.

കർത്താവേ, നിൻ പ്രമാണ
ലംഘനത്താൽ ഞങ്ങൾ പാപചേറ്റിൽ
വീഴാതെ ലോകവാസം
സ്വർഗ്ഗരാജ്യപ്രദമാക്കാൻ നീ സഹായിക്ക.

**മൂന്നാം സ്ഥലം**
**ഈശോമിശിഹാ ഒന്നാം പ്രാവശ്യം വീഴുന്നു.**

**കാർമ്മി:** ഈശോമിശിഹായേ, അങ്ങയെ ഞങ്ങൾ ആരാധിച്ചു കുമ്പിട്ട്, അങ്ങേക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

**സമൂഹം:** എന്തുകൊണ്ടെന്നാൽ, അങ്ങേ വിശുദ്ധ കുരിശാൽ, അങ്ങു ലോകത്തെ വീണ്ടു രക്ഷിച്ചു.

**കാർമ്മി:** ദിവ്യരക്ഷകനായ മിശിഹായേ, ശാരീരികമായ ക്ഷീണത്താലും / കുരിശിന്റെ ഭാരത്താലും / നിലത്തുവീണ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. നന്മ ചെയ്തുകൊണ്ടു സഞ്ചരിച്ച അങ്ങയെ / നിർദ്ദയരായ ശത്രുക്കൾ മർദ്ദിക്കുകയും / അവഹേളിക്കുകയും ചെയ്യുന്നതു ഞങ്ങൾ കാണുന്നു. അങ്ങയുടെ നിരവധിയായ അനുഗ്രഹങ്ങൾക്ക് / പാത്രീഭൂതരായവർതന്നെയാണ് / ഇതെല്ലാം ചെയ്യുന്നതെന്ന കാര്യം ഞങ്ങളെ ലജ്ജിപ്പിക്കുന്നു! ഇന്നും ഞങ്ങളുടെ പാപങ്ങൾ / ഇത്തരത്തിലുള്ള പീഡകളും അവഹേളനങ്ങളുമാണ് / അങ്ങയെ ഏല്പിച്ചുകൊണ്ടിരിക്കുന്നത്. അവിടുന്ന് കുരിശോടെ ആദ്യമായി / നിലത്തു വീണതിന്റെ യോഗ്യതകളെക്കുറിച്ചു / ഞങ്ങളുടെ പാപങ്ങൾക്ക്, വിശിഷ്യാ, വിചാരത്താൽ ഞങ്ങൾ ചെയ്തുപോയിട്ടുള്ള പാപങ്ങൾക്ക്, മോചനം നല്കുകയും, മേലിൽ ആത്മീയ വീഴ്ചകൾ കൂടാതെ / നിർമ്മലരായി ജീവിക്കുവാൻവേണ്ട / അനുഗ്രഹം നല്കുകയും ചെയ്യണമേ.

1 സ്വർഗ്ഗ. 1 നന്മ.

**കാർമ്മി:** കർത്താവേ, അനുഗ്രഹിക്കണമേ.

**സമൂഹം:** പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരന്റെ തിരുമുറിവുകളെ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

**നാലാം *സ്ഥലത്തേയ്ക്ക്* പോകുമ്പോൾ**

കണ്ടാലും മാർഗ്ഗമദ്ധ്യേ
കന്നിമേരി അമ്മ തൻ സുതനെ
കാണുന്നിതാ എത്രമാത്രം
മാർമ്മഭേദകമീ കൂടിക്കാഴ്ച! ഹാ! കഷ്ടം.

മാതാവേ - കോമളൻ നിൻ
പുത്രനിതാ തിരിച്ചറിഞ്ഞോ നീ
തന്നോടിത്ര നീചമായി
ചെയ്തവരീ ഞങ്ങളാണേ ക്ഷമിക്കണമേ.

**നാലാം സ്ഥലം**
**ഈശോമിശിഹാ തന്റെ തിരുമാതാവിന്റെ കാണുന്നു.**

**കാർമ്മി:** ഈശോമിശിഹായേ, അങ്ങയെ ഞങ്ങൾ ആരാധിച്ചു കുമ്പിട്ട്, അങ്ങേക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

**സമൂഹം:** എന്തുകൊണ്ടെന്നാൽ, അങ്ങേ വിശുദ്ധ കുരിശാൽ, അങ്ങു ലോകത്തെ വീണ്ടു രക്ഷിച്ചു.

**കാർമ്മി:** അവഹേളിതനായ ദിവ്യരക്ഷകാ, മുൾമുടി ശിരസ്സിലേന്തിയും, ഭാരമേറിയ കുരിശു തോളിൽ വഹിച്ചും, അങ്ങു നടത്തിയ അന്തിമയാത്രയിൽ / അങ്ങു ദിവ്യമാതാവിനെ ദർശിച്ച രംഗം / എത്രയോ വേദനാജനകം! "ഒരു

വാൾ നിന്റെ ഹൃദയത്തെ കീറിമുറിക്കും" എന്ന / ശെമയോന്റെ പ്രവചനം പൂർത്തിയാകുവാൻ / ഈ കാഴ്ചയും വ്യാകുല മാതാവിനു വേണ്ടിയായിരുന്നു. മാതാവും പുത്രനും പരസ്പരം നോക്കി! അവരുടെ കണ്ണുകൾ നിറഞ്ഞു! ഹൃദയങ്ങൾ വിങ്ങിപ്പൊട്ടി. നിശ്ശബ്ദമായ ആ നിമിഷങ്ങൾ / എത്രയോ സ്വർഗ്ഗീയം! കർത്താവേ, കണ്ണുകളുടെ തെറ്റായ ഉപയോഗം വഴി / ഞങ്ങൾ ചെയ്തുപോയ നിരവധിയായ പാപങ്ങൾ / ഞങ്ങളോടു ക്ഷമിക്കണമേ. എപ്പോഴും മറ്റുള്ളവരിൽ / അങ്ങയെ കാണുവാനുള്ള അനുഗ്രഹം / ഞങ്ങൾക്കു നല്കുകയും ചെയ്യണമെ.

1 സ്വർഗ്ഗ. 1 നന്മ.

**കാർമ്മി:** കർത്താവേ, അനുഗ്രഹിക്കണമേ.

**സമൂഹം:** പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരന്റെ തിരുമുറിവുകളെ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

### അഞ്ചാം സ്ഥലത്തേയ്ക്ക് പോകുമ്പോൾ

ക്രൂശേവം താൻ ചുമന്നാൽ
ജീവനോടെതന്നെ ക്രൂശിക്കുവാൻ
സാദ്ധ്യമല്ല - എന്നോർത്തവർ
സ്ലീവാ ചുമക്കാൻ ശീമോനെ നിയോഗിക്കുന്നു.

ശീമോനെപ്പോലെ - ഞങ്ങൾ
നിൻപുറകെ ക്രൂശുതാങ്ങിക്കൊണ്ടു
വന്നീടട്ടെ യേശുനാഥാ
ഭാഗ്യവാന്മാരായിടട്ടെ നിൻ കാരുണ്യത്താൽ.

### അഞ്ചാം സ്ഥലം
### ഈശോമിശിഹായെ ശെമയോൻ സഹായിക്കുന്നു.

**കാർമ്മി:** ഈശോമിശിഹായേ, അങ്ങയെ ഞങ്ങൾ ആരാധിച്ചു കുമ്പിട്ട്, അങ്ങേക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

**സമൂഹം:** എന്തുകൊണ്ടെന്നാൽ, അങ്ങേ വിശുദ്ധ കുരിശാൽ, അങ്ങു ലോകത്തെ വീണ്ടു രക്ഷിച്ചു.

**കാർമ്മി:** പരിത്യക്തനായ ദിവ്യനാഥാ, ഭാരമേറിയ കുരിശും വഹിച്ചുകൊണ്ട് / അങ്ങു നടത്തിയ / വേദന നിറഞ്ഞ യാത്രാമദ്ധ്യേ / അങ്ങയെ സഹായിക്കുവാൻ അവസരം ലഭിച്ച ശെമയോൻ / അനുഗ്രഹീതനായല്ലോ. "എന്റെ ഭാരം ലഘുവും, എന്റെ നുകം മാധുര്യമുള്ളതുമാണെന്ന്" അരുളിച്ചെയ്തുകൊണ്ട് / അങ്ങേയ്ക്കു സാക്ഷ്യം വഹിക്കുവാൻ / ഞങ്ങളെ മാടിവിളിച്ചിട്ടുള്ള എത്രയോ അവസരങ്ങൾ / ഞങ്ങൾ നഷ്ടപ്പെടുത്തിക്കളഞ്ഞു! അങ്ങയുടെ സഭയോടൊത്തു ചിന്തിക്കുവാനും / പ്രവർത്തിക്കുവാനും ലഭിച്ചിട്ടുള്ള എത്രയെത്ര സന്ദർഭങ്ങൾ / ഞങ്ങൾ പാഴാക്കിക്കളഞ്ഞു! ഞങ്ങളുടെ അലസതയെക്കുറിച്ചും ഉപേക്ഷകളെക്കുറിച്ചും / ഞങ്ങൾ മനഃസ്തപിക്കുന്നു. കർത്താവേ, പാവപ്പെട്ടവരിലും ദുഃഖിതരിലും / അങ്ങയെ ദർശിക്കുവാനും, ഇന്നുമുതൽ അവരുടെ ക്ലേശങ്ങൾ / കഴിവനുസരിച്ചു ലഘൂകരിക്കുവാനുമുള്ള അനുഗ്രഹം / ഞങ്ങൾക്കു പ്രദാനം ചെയ്യണമേ.

1 സ്വർഗ്ഗ. 1 നന്മ.

**കാർമ്മി:** കർത്താവേ, അനുഗ്രഹിക്കണമേ.

**സമൂഹം:** പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരന്റെ തിരുമുറിവുകളെ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

### ആറാം സ്ഥലത്തേയ്ക്ക് പോകുമ്പോൾ

സ്വർഗ്ഗീയദീപ്തി ചിന്തും-
സുന്ദരമാം മുഖം മ്ലാനമായി
ഭക്തയായ വേറോനിക്ക
സ്നേഹഭക്ത്യാ തുടയ്ക്കുന്നു തൻ തിരുമുഖം.

പാപത്താൽ മ്ലാനമായ
ഞങ്ങളുടെ ദേഹീദേഹങ്ങളെ
ശുദ്ധിയാക്കി നിൻ മുഖത്തിൻ
ഛായയെ നീ മുദ്രിതമാക്കണമവയിൽ.

### ആറാം സ്ഥലം
### വേറോനിക്ക ഈശോമിശിഹായുടെ തിരുമുഖം തുടയ്ക്കുന്നു.

**കാർമ്മി:** ഈശോമിശിഹായേ, അങ്ങയെ ഞങ്ങൾ ആരാധിച്ചു കുമ്പിട്ട്, അങ്ങേക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

**സമൂഹം:** എന്തുകൊണ്ടെന്നാൽ, അങ്ങേ വിശുദ്ധ കുരിശാൽ, അങ്ങു ലോകത്തെ വീണ്ടു രക്ഷിച്ചു.

**കാർമ്മി:** കരുണാനിധിയായ ദിവ്യനാഥാ, കഠിനഹൃദയരായ ശത്രുക്കളുടെയും / ക്രൂരന്മാരായ പടയാളികളുടെയും നടുവിൽ / എല്ലാവരാലും പരിത്യക്തനായി / കുരിശും വഹിച്ചുകൊണ്ട് / അങ്ങു പൂർത്തിയാക്കിയ / ക്ലേശം നിറഞ്ഞ യാത്രാമദ്ധ്യേ / അങ്ങയെ ആശ്വസിപ്പിക്കാനെത്തിയ വേറോനിക്ക ഭാഗ്യവതിയായല്ലോ. അങ്ങയുടെ തിരുമുഖം തുടച്ച അവളുടെ തൂവാലയിൽ / അങ്ങേ തിരുമുഖത്തിന്റെ ഛായ / അത്ഭുതകരമായി പതിക്കുവാൻ തിരുമനസ്സായ അങ്ങ്, ഞങ്ങളുടെ ഹൃദയത്തിലും അങ്ങയുടെ പീഡാനുഭവത്തിന്റെ മുദ്ര പതിക്കണമേ. ഞങ്ങളെ കാണുന്നവർ അങ്ങയേയും കാണത്തക്കവിധം / ഞങ്ങളിൽ അങ്ങയുടെ ചൈതന്യം നിറയ്ക്കണമേ. ലോകത്തിന്റെ പരിഹാസവും പീഡനങ്ങളും ഭയപ്പെടാതെ / എല്ലാ സാഹചര്യങ്ങളിലും അങ്ങേയ്ക്കു സാക്ഷ്യം വഹിക്കുവാനുള്ള അനുഗ്രഹം / ഞങ്ങൾക്കു നല്കുകയും ചെയ്യണമേ.

1 സ്വർഗ്ഗ. 1 നന്മ.

**കാർമ്മി:** കർത്താവേ, അനുഗ്രഹിക്കണമേ.

**സമൂഹം:** പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരന്റെ തിരുമുറിവുകളെ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

### ഏഴാം *സ്ഥലത്തേയ്ക്ക്* പോകുമ്പോൾ

വീണ്ടും താൻ - ക്രൂശിൻ കീഴായ്
വാടിത്തളർന്നിതാ വീഴുന്നയ്യോ!
ചന്തമേറും തൻ മുഖവും
കൈകാൽകളും - കല്ലിൽ മുട്ടി പൊട്ടിക്കീറുന്നു.

ഈശോയേ - വീണ്ടും ഞങ്ങൾ
ചാവുദോഷത്തിൽ വീണതിനാൽ
അല്ലയോ നീ വീണതേവം
ഞങ്ങളെ നിൻ തൃക്കൈനീട്ടി രക്ഷിക്കണമേ.

### ഏഴാം സ്ഥലം
### ഈശോമിശിഹാ രണ്ടാം പ്രാവശ്യം വീഴുന്നു.

**കാർമ്മി:** ഈശോമിശിഹായേ, അങ്ങയെ ഞങ്ങൾ ആരാധിച്ചു കുമ്പിട്ട്, അങ്ങേക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

**സമൂഹം:** എന്തുകൊണ്ടെന്നാൽ, അങ്ങേ വിശുദ്ധ കുരിശാൽ, അങ്ങു ലോകത്തെ വീണ്ടു രക്ഷിച്ചു.

**കാർമ്മി:** മനുഷ്യരുടെ പാപഭാരം മുഴുവൻ ഏറ്റ / ദിവ്യരക്ഷകാ, ബലഹീനനായി രണ്ടാം വട്ടവും / അങ്ങു നിലത്തു വീഴുവാൻ  ഇടയായത് / ഞാൻ വീണ്ടും വീണ്ടും ചെയ്ത പാപം കാരണമാണല്ലോ. ദിവ്യനാഥാ, ഞങ്ങൾ പാപം ചെയ്യുമ്പോഴെല്ലാം / വീണ്ടും കുരിശോടുകൂടി / അങ്ങയെ നിലംപതിപ്പിക്കുകയാണു ചെയ്യുന്നതെന്ന് / മനസ്സിലാക്കുവാനുള്ള വരം ഞങ്ങൾക്കു നല്കണമെ. ജീവിത ക്ലേശങ്ങളുടെ ഭാരത്താലും / പ്രലോഭനങ്ങളുടെ വശീകരണത്താലും / തളർന്നു വീഴുകയും / എഴുന്നേൽക്കുവാൻ ശക്തിയില്ലാതെ വലയുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ / കരുണാപൂർവ്വം അങ്ങേ തൃക്കരം നീട്ടി / ഞങ്ങളെ രക്ഷിക്കണമെ. അവിടുന്നു രണ്ടാം പ്രാവശ്യവും / കുരിശുമായി നിലത്തുവീണതിന്റെ യോഗ്യതകളെക്കുറിച്ച് / ഞങ്ങളുടെ പാപങ്ങൾ, വിശിഷ്യാ, സംസാരത്താൽ ഞങ്ങൾ ചെയ്തിട്ടുള്ള പാപങ്ങൾ / ഞങ്ങളോടു ക്ഷമിക്കണമെ.

1 സ്വർഗ്ഗ. 1 നന്മ.

**കാർമ്മി:** കർത്താവേ, അനുഗ്രഹിക്കണമേ.

**സമൂഹം:** പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരന്റെ തിരുമുറിവുകളെ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

### എട്ടാം *സ്ഥലത്തേയ്ക്ക്* പോകുമ്പോൾ

കർത്താവിൻ പീഡകളെ
കണ്ടതുമൂലം സഹതാപമോടെ
ഭക്തസ്ത്രീകൾ കേണിടുന്നു
ആശ്വസിപ്പിച്ചീടുന്നു താനവരെയേവം.

ഓർശ്ലേമിൻ പുത്രികളെ
എന്നെ ഓർത്തു നിങ്ങൾ കേഴേണ്ടൊട്ടും
നിങ്ങളെയും നിങ്ങളുടെ
മക്കളെയും ഓർത്തു നിങ്ങൾ പ്രലപിക്കുവിൻ.

### എട്ടാം സ്ഥലം
### ഈശോമിശിഹാ ജറുസലേം നഗരിയിലെ സ്ത്രീകളെ ആശ്വസിപ്പിക്കുന്നു.

**കാർമ്മി:** ഈശോമിശിഹായേ, അങ്ങയെ ഞങ്ങൾ ആരാധിച്ചു കുമ്പിട്ട്, അങ്ങേക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

**സമൂഹം:** എന്തുകൊണ്ടെന്നാൽ, അങ്ങേ വിശുദ്ധ കുരിശാൽ, അങ്ങു ലോകത്തെ വീണ്ടു രക്ഷിച്ചു.

**കാർമ്മി:** കരയുന്നവരുടെ സങ്കേതവും / ദുഃഖിതരുടെ ആശ്വാസവുമായ മിശിഹായേ, അങ്ങു കുരിശു ചുമക്കുന്നതു കണ്ടു വിലപിച്ച / ജറുസലെം നഗരിയിലെ ഭക്തസ്ത്രീകളെ / അങ്ങു കരുണാപൂർവ്വം ആശ്വസിപ്പിച്ചുവല്ലോ. "നിങ്ങളേയും നിങ്ങളുടെ കുഞ്ഞുങ്ങളേയും ഓർത്തു നിങ്ങൾ കരയുവിൻ" എന്ന് / അവരോട് അരുളിച്ചെയ്ത കർത്താവേ, ഞങ്ങളുടെ പാപങ്ങളോർത്തു മനഃസ്തപിക്കുവാനുള്ള വരം, ഞങ്ങൾക്കു നല്കണമെ. ശത്രുക്കൾ അങ്ങയുടെ മൗതിക ശരീരത്തെ മുറിപ്പെടുത്തുകയും / അങ്ങയുടെ പ്രതിനിധികളെ പീഡിപ്പിക്കുകയും ചെയ്യുന്നതു നിമിത്തം / വേദനിക്കുകയും വിലപിക്കുകയും ചെയ്യുന്ന / അങ്ങയെ ആശ്വസിപ്പിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഞങ്ങളുടെ ഈ ആഗ്രഹത്തെ ആശീർവ്വദിച്ചു സഫലമാക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.

**കാർമ്മി:** കർത്താവേ, അനുഗ്രഹിക്കണമേ.

**സമൂഹം:** പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരന്റെ തിരുമുറിവുകളെ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

### ഒമ്പതാം *സ്ഥലത്തേയ്ക്ക്* പോകുമ്പോൾ

ദിവ്യാഭ - ചിന്തിടുന്ന
നിൻ മുഖാബ്ജംകുത്തി മൂന്നാമതും
വീഴുന്നീശോ - നീചർയൂദർ -
നാലുപാടും വലിക്കുന്നു ചവിട്ടുന്നയ്യോ.

ചേറ്റിലൊരു റോസാപ്പൂപോൽ
വീണുഴലും മമജീവനാഥാ,
ഘോരമായ നിത്യാഗ്നിയിൽ
വീണിടാതെ ഞങ്ങളെ നീ രക്ഷിക്കണമേ.

**ഒമ്പതാം സ്ഥലം**
**ഈശോമിശിഹാ മൂന്നാം പ്രാവശ്യം വീഴുന്നു**

**കാർമ്മി:** ഈശോമിശിഹായേ, അങ്ങയെ ഞങ്ങൾ ആരാധിച്ചു കുമ്പിട്ട്, അങ്ങേക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

**സമൂഹം:** എന്തുകൊണ്ടെന്നാൽ, അങ്ങേ വിശുദ്ധ കുരിശാൽ, അങ്ങു ലോകത്തെ വീണ്ടു രക്ഷിച്ചു.

**കാർമ്മി:** പാപികളുടെ സങ്കേതമായ മിശിഹായേ, കുരിശിന്റെ ഭാരത്താലും / ശാരീരിക ക്ഷീണത്താലും / മൂന്നാം പ്രാവശ്യവും നിലത്തുവീണ / അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. പാപ പരിഹാർത്ഥം അങ്ങു സ്വയം സമർപ്പിച്ച / ബലിയുടെ പൂർത്തീകരണത്തിനായി / അവിടുന്ന് എഴുന്നേൽക്കുകയും / വീണ്ടും കുരിശു ചുമക്കുകയും ചെയ്തുവല്ലോ. ജീവിതക്ലേശങ്ങളാകുന്ന കുരിശുകളുടെ ഭാരത്താൽ / വീണു പോകുന്ന ഞങ്ങളെ / നിരാശയിൽ നിപതിക്കാൻ ഇടവരാതെ കാത്തുകൊള്ളണമെ. മാനുഷിക ബലഹീനതകളാൽ പാപം ചെയ്യാൻ ഇടവരുമ്പോൾ / മനഃസ്താപ പ്രകരണത്തോടെ / സ്വർഗ്ഗപിതാവിന്റെ പക്കലേയ്ക്കു പിന്തിരിയുവാനുള്ള അനുഗ്രഹം / ഞങ്ങൾക്കു നല്കണമെ. അവിടുന്നു മൂന്നാം പ്രാവശ്യവും / കുരിശിനോടുകൂടി നിലത്തു വീണതിന്റെ യോഗ്യതകൾ പരിഗണിച്ച് / എല്ലാ തഴക്ക ദോഷങ്ങളിലും നിന്നു ഞങ്ങളെ സംരക്ഷിച്ചുകൊള്ളണമെ.

1 സ്വർഗ്ഗ. 1 നന്മ.

**കാർമ്മി:** കർത്താവേ, അനുഗ്രഹിക്കണമേ.

**സമൂഹം:** പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരന്റെ തിരുമുറിവുകളെ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

**പത്താം *സ്ഥലത്തേയ്ക്ക് പോകുമ്പോൾ***

ചെന്നായ്ക്കൾ - കുഞ്ഞാടിന്റെ
തോലുരിഞ്ഞു മാന്തിക്കീറുമ്പോലെ
രക്തം മൂലം - ദേഹത്തോട്
ഒട്ടിച്ചേർന്ന വസ്ത്രമവർ ഉരിഞ്ഞീടുന്നു.

മാമ്മോദീസ കൈക്കൊണ്ടപ്പോൾ
ഞങ്ങൾക്കു നീ തന്ന വെള്ളവസ്ത്രം
ദൈവേഷ്ടമാം ദിവ്യവസ്ത്രം
നഷ്ടമാക്കീടായ്‌വാൻ ശക്തിനല്കേണം നാഥാ.

**കാർമ്മി:** ഈശോമിശിഹായേ, അങ്ങയെ ഞങ്ങൾ ആരാധിച്ചു കുമ്പിട്ട്, അങ്ങേക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

**സമൂഹം:** എന്തുകൊണ്ടെന്നാൽ, അങ്ങേ വിശുദ്ധ കുരിശാൽ, അങ്ങു ലോകത്തെ വീണ്ടു രക്ഷിച്ചു.

**പത്താം സ്ഥലം**
**ഈശോമിശിഹായുടെ തിരുവസ്ത്രങ്ങൾ ഉരിഞ്ഞെടുക്കപ്പെടുന്നു.**

**കാർമ്മി:** ഞങ്ങളുടെ പാപങ്ങൾക്കു പരിഹാരബലിയായിത്തീർന്ന മിശിഹായേ, ഗാഗുൽത്താമലയിൽവച്ച് / ക്രൂരസേവകന്മാർ / അങ്ങയുടെ തിരുവസ്ത്രങ്ങൾ ബലമായി ഉരിഞ്ഞെടുത്തുവല്ലോ. അങ്ങയെ നഗ്നനാക്കി അവഹേളിക്കുകയും / അവിടുത്തേയ്ക്കു കുടിക്കുവാൻ / കയ്പുള്ള പാനീയം നല്കുകയും ചെയ്തപ്പോൾ / അവിടുന്നനുഭവിച്ച മാനസികവും ശാരീരികവുമായ വേദന / എത്രയോ ദുസ്സഹമായിരുന്നു! അവയ്ക്കു കാരണമായ / ഞങ്ങളുടെ പാപങ്ങളോർത്തു ഞങ്ങൾ മനഃസ്തപിക്കുന്നു. അടക്കത്തിനു യോജിക്കാത്ത വസ്ത്രധാരണത്താലും, ഭക്ഷണപാനീയങ്ങളിലുള്ള / ക്രമരഹിതമായ ആസക്തിയാലും, മനുഷ്യർ ചെയ്തുകൊണ്ടിരിക്കുന്ന നിരവധിയായ പാപങ്ങൾക്കു / പരിഹാരം ചെയ്യുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. പാപത്തിലേക്കു ചാഞ്ഞിരിക്കുന്ന പഴയ മനുഷ്യനെ ഉരിഞ്ഞു മാറ്റി / വിശുദ്ധിയുടെ നിർമ്മല വസ്ത്രം ധരിക്കുവാനുള്ള അനുഗ്രഹം ഞങ്ങൾക്കു പ്രദാനം ചെയ്യണമെ.

1 സ്വർഗ്ഗ. 1 നന്മ.

**കാർമ്മി:** കർത്താവേ, അനുഗ്രഹിക്കണമേ.

**സമൂഹം:** പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരന്റെ തിരുമുറിവുകളെ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

**പതിനൊന്നാം *സ്ഥലത്തേയ്ക്ക് പോകുമ്പോൾ***

സ്ലീവാമേൽ - താൻ കിടന്നു
യൂദർ - കൈകാലുകളാണികളാൽ
ക്രൂശിൽച്ചേർത്തു തറയ്ക്കുന്നു
പ്രാണവേദനയാലീശോ വിലപിക്കുന്നു.

ചുറ്റികയിൻ - ശബ്ദവും താൻ
ആർത്തനാദവും മുഴങ്ങുന്നിതാ
ഈശോയേ ഘാതകരാം
ഞങ്ങളെ നീ ശിക്ഷിക്കല്ലേ രക്ഷിക്കണമേ.

**പതിനൊന്നാം സ്ഥലം**
**ഈശോമിശിഹാ കുരിശിന്മേൽ തറയ്ക്കപ്പെടുന്നു**

**കാർമ്മി:** ഈശോമിശിഹായേ, അങ്ങയെ ഞങ്ങൾ ആരാധിച്ചു കുമ്പിട്ട്, അങ്ങേക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

**സമൂഹം:** എന്തുകൊണ്ടെന്നാൽ, അങ്ങേ വിശുദ്ധ കുരിശാൽ, അങ്ങു ലോകത്തെ വീണ്ടു രക്ഷിച്ചു.

**കാർമ്മി:** സ്നേഹനിധിയായ ഈശോനാഥാ, നന്മചെയ്തുകൊണ്ട് ചുറ്റിനടന്ന / അങ്ങയുടെ തൃപ്പാദങ്ങളും, ആശീർവ്വദിക്കാനുയർത്തിയ അങ്ങയുടെ തൃക്കരങ്ങളും, ക്രൂരന്മാരായ പടയാളികൾ / ഇരുമ്പാണികളാൽ കുരിശിൽ തറച്ചുവല്ലോ. സൗമ്യതയോടെ അങ്ങു സഹിച്ച / കഠോരമായ ആ വേദനകൾക്കു / ഞങ്ങൾ ചെയ്ത പാപങ്ങളാണല്ലോ കാരണം.

കർത്താവേ, ഞങ്ങളുടെ ശാരീരിക അവയവങ്ങളേയും / അന്തരേന്ദ്രിയങ്ങളേയും നിയന്ത്രിക്കുവാനും / അവയെ ദൈവ തിരുമനസ്സിന് അനുയോജ്യമായ വിധം ഉപയോഗിക്കുവാനുള്ള കൃപാവരം / ഞങ്ങൾക്കു നല്കണമെ. ഞങ്ങൾ ചെയ്യുന്ന ഓരോ പാപവും / അങ്ങയുടെ തിരുശരീരത്തിൽ അടിച്ചു കയറ്റുന്ന ആണികളാണെന്നും / ഹൃദയത്തിൽ ഏൽപ്പിക്കുന്ന മുറിവുകളാണെന്നുമുള്ള അവബോധം / ഞങ്ങളിൽ വളർത്തുവാനും, മേലിൽ പാപം ചെയ്യാതെ ജീവിക്കുവാനുമുള്ള അനുഗ്രഹം ഞങ്ങൾക്കു പ്രദാനം ചെയ്യണമെ.

1 സ്വർഗ്ഗ. 1 നന്മ.

**കാർമ്മി:** കർത്താവേ, അനുഗ്രഹിക്കണമേ.

**സമൂഹം:** പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരന്റെ തിരുമുറിവുകളെ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

### പന്ത്രണ്ടാം *സ്ഥലത്തേയ്ക്ക്* പോകുമ്പോൾ

ക്രൂശിന്മേൽ ആണികളിൽ
നഗ്നനായി തൂങ്ങിമരിക്കുന്നീശോ
പ്രീശേന്മാരും - സംപ്രേന്മാരും
താഴെനിന്നു നിന്ദിച്ചുകൊണ്ടാനന്ദിക്കുന്നു.

മാതാവും - യോഹന്നാനും
മഗ്ദലനയോടു ചേർന്നു നിൽക്കും
ക്രൂശിൻതാഴെ പോയിനിൽക്കാം
തന്റെ രക്തം വീണു നാമും നിർമ്മലരാകും.

### പന്ത്രണ്ടാം സ്ഥലം
### ഈശോമിശിഹാ കുരിശിന്മേൽ തൂങ്ങി മരിക്കുന്നു

**കാർമ്മി:** ഈശോമിശിഹായേ, അങ്ങയെ ഞങ്ങൾ ആരാധിച്ചു കുമ്പിട്ട്, അങ്ങേക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

**സമൂഹം:** എന്തുകൊണ്ടെന്നാൽ, അങ്ങേ വിശുദ്ധ കുരിശാൽ, അങ്ങു ലോകത്തെ വീണ്ടു രക്ഷിച്ചു.

**കാർമ്മി:** ഞങ്ങൾക്കു വേണ്ടി / കുരിശിൽ തൂങ്ങി മരിച്ച ദിവ്യ രക്ഷകാ, മൂന്നു മണിക്കൂർ നേരം കുരിശിൽ കിടന്നുകൊണ്ട് / ഞങ്ങൾക്കു വേണ്ടി അങ്ങു സഹിച്ച / അവർണ്ണനീയങ്ങളായ പീഡകളെ ഓർത്ത് / അങ്ങേയ്ക്കു ഞങ്ങൾ നന്ദി പറയുന്നു. കുരിശിൽ കിടന്നുകൊണ്ട് / ശത്രുക്കൾക്കു വേണ്ടി പ്രാർത്ഥിക്കുകയും / സ്വർഗ്ഗീയപിതാവിന്റെ തൃക്കരങ്ങളിൽ / അവിടുത്തെ ആത്മാവിനെ സമർപ്പിക്കുകയും ചെയ്ത / അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. ശത്രുക്കളോടു ക്ഷമിക്കുന്നതിനും / ദൈവതിരുമനസ്സിനു കീഴ്വഴങ്ങിക്കൊണ്ട് / ഏതുവിധ മരണവും / ഏതു സമയത്തും കൈവരിക്കുന്നതിനുമുള്ള അനുഗ്രഹം / ഞങ്ങൾക്കു പ്രദാനം ചെയ്യണമെ. ഇനിയും ഞങ്ങൾ ജീവിക്കുവാനാകുന്നു അങ്ങു തിരുമനസ്സാകുന്നതെങ്കിൽ, പാപവഴികളിൽ നിന്നു കന്ന്, സ്വർഗ്ഗോന്മുഖരായി ജീവിക്കുവാനും / അവസാനം അങ്ങയെ / മുഖാമുഖം കണ്ട് ആനന്ദിക്കുവാനുമുള്ള അനുഗ്രഹം / ഞങ്ങൾക്കു പ്രദാനം ചെയ്യണമെ.

1 സ്വർഗ്ഗ. 1 നന്മ.

**കാർമ്മി:** കർത്താവേ, അനുഗ്രഹിക്കണമേ.

**സമൂഹം:** പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരന്റെ തിരുമുറിവുകളെ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

### പതിമൂന്നാം *സ്ഥലത്തേയ്ക്ക്* പോകുമ്പോൾ

ചെന്താമര പുഷ്പമൊരു
വെൺതാമരപ്പൂവിൽ ചേർത്തതുപോൽ
തൻസുതന്റെ പൂമേനിയെ
അമ്മ മടിയിൽ കിടത്തി ചുംബിക്കുന്നിതാ.

മാതാവേ മൃത്യുവിങ്കൽ
നിൻപുത്രർ ഞങ്ങളെ നിന്മടിയിൽ
ചേർക്കുവാനും ഞങ്ങളുടെ
ആത്മാക്കളെ കൈക്കൊൾവാനും വന്നീടണമേ.

### പതിമൂന്നാം സ്ഥലം
### ഈശോമിശിഹായുടെ മൃതശരീരം മാതാവിന്റെ മടിയിൽ കിടത്തുന്നു

**കാർമ്മി:** ഈശോമിശിഹായേ, അങ്ങയെ ഞങ്ങൾ ആരാധിച്ചു കുമ്പിട്ട്, അങ്ങേക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

**സമൂഹം:** എന്തുകൊണ്ടെന്നാൽ, അങ്ങേ വിശുദ്ധ കുരിശാൽ, അങ്ങു ലോകത്തെ വീണ്ടു രക്ഷിച്ചു.

**കാർമ്മി:** ഏറ്റവും വ്യാകുലയായ മാതാവേ / അങ്ങേ വത്സല പുത്രന്റെ മൃതശരീരം / മടിയിൽ കിടത്തിയപ്പോൾ / അങ്ങയുടെ ഹൃദയം വ്യാകുലവാളാൽ പിളർന്നുപോയല്ലോ! ഗാഗുൽത്തായിലെ ബലിവേദിയിൽ / ദുസ്സഹമായ വേദനയനുഭവിച്ചുകൊണ്ട് / മനുഷ്യവർഗ്ഗത്തിന്റെ മാതാവായിത്തീർന്ന / അങ്ങയെ ഞങ്ങൾ വാഴ്ത്തുന്നു. പീഡിതരുടെ ആശ്വാസമായ അങ്ങയെ / ഞങ്ങൾക്കു മാതാവായി തന്ന / മിശിഹായെ ഞങ്ങൾ സ്തുതിക്കുന്നു. "ഇതാ കർത്താവിന്റെ ദാസി" എന്നു പറഞ്ഞുകൊണ്ട് / ദൈവമാതൃത്വം സ്വീകരിച്ച സമയം മുതൽ / അവാച്യമായ വേദന അനുഭവിച്ചുകൊണ്ട് / മനുഷ്യ രക്ഷാകർമ്മത്തിൽ / തന്റെ തിരുക്കുമാരനോടു സജീവമായി സഹകരിച്ച മാതാവേ, അനുദിന ജീവിതത്തിൽ ഞങ്ങൾക്കുണ്ടാകുന്ന / മാനസികവും ശാരീരികവുമായ പീഡകളെ / ദൈവതിരുമനസ്സിന് അനുയോജ്യമാംവിധം സഹിച്ചുകൊണ്ട് / എല്ലായിടത്തും അങ്ങേ തിരുക്കുമാരനു സാക്ഷ്യം വഹിക്കുന്നതിനുള്ള അനുഗ്രഹം / ഞങ്ങൾക്കായി പ്രാർത്ഥിച്ചു നല്കണമെ.

1 സ്വർഗ്ഗ. 1 നന്മ.

**കാർമ്മി:** കർത്താവേ, അനുഗ്രഹിക്കണമേ.

**സമൂഹം:** പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരന്റെ തിരുമുറിവുകളെ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

**പതിനാലാം *സ്ഥലത്തേയ്ക്ക്* പോകുമ്പോൾ**

നാഥന്റെ! ദിവ്യദേഹം
സംസ്കരിച്ചീടുന്നു ശിഷ്യരിതാ
പാപത്തിൽ നാം ആത്മാവിനെ
താഴ്ത്തിയതല്ലയോ ഇതിൻ കാരണമോർപ്പിൻ.

ഈശോയേ - നിൻ കല്ലറ
ഭക്തിയോടെ മുത്തും ഞങ്ങളുടെ
ആത്മാക്കളെ മൃത്യുവിങ്കൽ
നിന്റെ ദിവ്യഹൃദയത്തിൽ സംസ്കരിക്കണേ.

**പതിനാലാം സ്ഥലം**
**ഈശോമിശിഹായുടെ തിരുശരീരം സംസ്കരിക്കപ്പെടുന്നു**

**കാർമ്മി:** ഈശോമിശിഹായേ, അങ്ങയെ ഞങ്ങൾ ആരാധിച്ചു കുമ്പിട്ട്, അങ്ങേക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

**സമൂഹം:** എന്തുകൊണ്ടെന്നാൽ, അങ്ങേ വിശുദ്ധ കുരിശാൽ, അങ്ങു ലോകത്തെ വീണ്ടു രക്ഷിച്ചു.

**കാർമ്മി:** മരണംവഴി മരണത്തെ ജയിച്ചടക്കിയ ലോകരക്ഷകാ / അനന്തമായ പീഡകൾ സഹിച്ചുകൊണ്ട് / മനുഷ്യരക്ഷാകർമ്മം പൂർത്തിയാക്കിയ / അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. അങ്ങേയ്ക്കു ഞങ്ങൾ നന്ദി പറയുന്നു. അങ്ങയുടെ പീഡാസഹനങ്ങൾക്കും / മരണത്തിനും കാരണമായ / ഞങ്ങളുടെ പാപങ്ങളെക്കുറിച്ച് ഞങ്ങൾ മനഃസ്തപിക്കുന്നു. അവയെയും അവയുടെ സാഹചര്യങ്ങളെയും ഞങ്ങൾ വെറുക്കുന്നു. ഇനിമേലിൽ പാപം ചെയ്യുകയില്ലെന്ന് / ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു. ഞങ്ങളുടെ പ്രതിജ്ഞകൾ / സഫലമാക്കണമെ. "അങ്ങയോടുകൂടി മരിക്കുന്നവർ അങ്ങയോടുകൂടി ജീവിക്കുമെന്ന്" വിശ്വസിക്കുന്ന ഞങ്ങൾക്ക് / അങ്ങയുടെ പീഡാനുഭവങ്ങളെ ഓർത്തു ധ്യാനിച്ചുകൊണ്ട് / പാപത്തിനു മരിച്ചവരായി ജീവിക്കുവാനും, ഭാഗ്യമരണം പ്രാപിച്ച് / നിത്യാനന്ദം അനുഭവിക്കുവാനുമുള്ള അനുഗ്രഹം നല്കുകയും ചെയ്യണമെ.

1 സ്വർഗ്ഗ. 1 നന്മ.

**കാർമ്മി:** കർത്താവേ, അനുഗ്രഹിക്കണമേ.

**സമൂഹം:** പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരന്റെ തിരുമുറിവുകളെ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

**കുരിശുരൂപത്തിനു മുമ്പാകെ**

മാതാവേ - ഞങ്ങൾ ചെയ്ത
പുണ്യയാത്രയിതിൽ വന്നുപോയ
തെറ്റുകളെ - നീക്കിയത്
നിന്റെ പുത്രനിഷ്ടമുള്ളതാക്കിത്തീർക്കണേ.

സ്വർഗ്ഗീയതാതാ നിന്റെ
ജാതൻ ക്രൂശിൽ സ്വർഗ്ഗമേറിയപോൽ
ഞങ്ങളുമീ ക്രൂശുവഴി
സ്വർഗ്ഗേവാഴും നിൻ തൃപ്പാദം ചേരാൻ തുണയ്ക്കു.

**സമാപന പ്രാർത്ഥന**

**കാർമ്മി:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങേ തിരുക്കുമാരന്റെ പീഡാനുഭവവും / കുരിശുമരണവും ഉത്ഥാനവുംവഴി / മനുഷ്യവർഗ്ഗത്തെ അങ്ങ് / വീണ്ടും സ്വർഗ്ഗത്തിനർഹരാക്കിയതിന് / അങ്ങേയ്ക്കു ഞങ്ങൾ നന്ദി പറയുന്നു. ഞങ്ങൾക്കു വേണ്ടി മരിച്ച അങ്ങേ പുത്രനെ സ്വീകരിച്ചുകൊണ്ട് / ഞങ്ങളുടെയും ലോകം മുഴുവന്റെയും പാപങ്ങൾ / കരുണാപൂർവ്വം ക്ഷമിക്കണമെ. അവഹേളനത്തിന്റെ ചിഹ്നമായിരുന്ന കുരിശിനെ / രക്ഷയുടെ അടയാളമാക്കി ഉയർത്തിയ / മിശിഹായുടെ പീഡാനുഭവങ്ങളെ ഓർത്തു ധ്യാനിക്കുന്ന ഞങ്ങൾ / ആ കുരിശിൽ അഭിമാനം കൊള്ളുവാനും / ലോകം മുഴുവനും അതിൽ രക്ഷ കണ്ടെത്തുവാനും ഇടവരുത്തണമെ. ഈ കുരിശിന്റെ വഴിയിൽ സംബന്ധിച്ച ഞങ്ങളെ എല്ലാവരേയും / ആത്മീകവും ശാരീരികവുമായ ദാനങ്ങൾ നല്കി അനുഗ്രഹിക്കണമെ. തന്റെ ഏകജാതനെ ഞങ്ങൾക്കു നല്കിയ പിതാവിനു സ്തുതിയും, കുരിശു മരണത്താൽ ഞങ്ങളെ രക്ഷിച്ച പുത്രന് ആരാധനയും, പരിത്രാണകൃത്യം പൂർത്തിയാക്കിയ പരിശുദ്ധാത്മാവിനു സ്തോത്രവുമുണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും എന്നേയ്ക്കും.

**(കാർമ്മികൻ കുരിശുരൂപം കൊണ്ട് ജനങ്ങളെ ആശീർവ്വദിക്കുന്നു)**

പരിശുദ്ധപിതാവിന്റെ നിയോഗാർത്ഥം

1. സ്വർഗ്ഗ 1. നന്മ 1.ത്രിത്വ.

**മനസ്താപ പ്രകരണം**

എന്റെ ദൈവമേ, ഏറ്റം നല്ലവനും / എല്ലാറ്റിനും ഉപരിയായി സ്നേഹിക്കപ്പെടുവാൻ യോഗ്യനുമായ / അങ്ങേക്കെതിരായി പാപംചെയ്തു പോയതിനാൽ / പൂർണ്ണ ഹൃദയത്തോടെ ഞാൻ മനഃസ്തപിക്കുകയും പാപങ്ങളെ വെറുക്കുകയും ചെയ്യുന്നു. എന്റെ പാപങ്ങളാൽ എന്റെ ആത്മാവിനെ അശുദ്ധമാക്കിയതിനാലും / സ്വർഗ്ഗത്തെ നഷ്ടപ്പെടുത്തി നരകത്തിനു അർഹനായി (അർഹയായി) ത്തീർന്നതിനാലും / ഞാൻ ഖേദിക്കുന്നു. അങ്ങയുടെ പ്രസാദവരസഹായത്താൽ / പാപസാഹചര്യങ്ങളെ ഉപേക്ഷിക്കുമെന്നും / മേലിൽ പാപം ചെയ്യുകയില്ലെന്നും / ദൃഢമായി ഞാൻ പ്രതിജ്ഞ ചെയ്യുന്നു. ഏതെങ്കിലുമൊരു പാപം ചെയ്യുക എന്നതിനേക്കാൾ / മരിക്കാനും ഞാൻ സന്നദ്ധനാ(യാ)യിരിക്കുന്നു. ആമ്മേൻ.

# കുരിശിന്റെ വഴി (പുതിയത്)

### പ്രാരംഭ ഗാനം

കുരിശിൽ മരിച്ചവനേ, കുരിശാലേ
വിജയം വരിച്ചവനേ
മിഴിനീരൊഴുക്കിയങ്ങേ, കുരിശിന്റെ
വഴിയേ വരുന്നു ഞങ്ങൾ.

ലോകൈകനാഥാ നിൻ, ശിഷ്യനായ്ത്തീരുവാ-
നാശിപ്പോനെന്നുമെന്നും
കുരിശു വഹിച്ചു നിൻ, കാൽപ്പാടുപിഞ്ചെല്ലാൻ
കൽപ്പിച്ച നായകാ.

നിൻ ദിവ്യരക്തത്താ- ലെൻ പാപമാലിന്യം
കഴുകേണമേ ലോകനാഥാ.
നിൻ ദിവ്യരക്തത്താ ...

**കാർമ്മി:** നിത്യനായ ദൈവമേ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. പാപികളായ മനുഷ്യർക്കുവേണ്ടി / ജീവൻ ബലികഴിക്കുവാൻ തിരുമനസ്സായ കർത്താവേ / ഞങ്ങൾ അങ്ങേയ്ക്ക് നന്ദി പറയുന്നു.

അങ്ങു ഞങ്ങളെ സ്നേഹിച്ചു / അവസാനം വരെ സ്നേഹിച്ചു. സ്നേഹിതനു വേണ്ടി ജീവൻ ബലികഴിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്ന് / അങ്ങ് അരുളിചെയ്തിട്ടുണ്ടല്ലോ. പീലാത്തോസിന്റെ ഭവനം മുതൽ / ഗാഗുൽത്താവരെ കുരിശും വഹിച്ചുകൊണ്ടുള്ള അവസാനയാത്ര / അങ്ങേ സ്നേഹത്തിന്റെ ഏറ്റം മഹത്തായ പ്രകടനമായിരുന്നു. കണ്ണുനീരിന്റെയും രക്തത്തിന്റെയും ആ വഴിയിൽക്കൂടി / വ്യാകുലയായ മാതാവിന്റെ പിന്നാലെ / ഒരു തീർത്ഥയാത്രയായി / ഞങ്ങളും അങ്ങയെ അനുഗമിക്കുന്നു. സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി ഞെരുക്കമുള്ളതും / വാതിൽ ഇടുങ്ങിയതുമാണെന്ന് ഞങ്ങളെ അറിയിച്ച കർത്താവേ / ജീവിതത്തിന്റെ ഓരോ ദിവസവും / ഞങ്ങൾക്കുണ്ടാകുന്ന വേദനകളും കുരിശുകളും / സന്തോഷത്തോടെ സഹിച്ചു കൊണ്ട് / ആ ഇടുങ്ങിയ വഴിയിൽക്കൂടി സഞ്ചരിയ്ക്കുവാൻ / ഞങ്ങളെ സഹായിക്കണമേ.

**കാർമ്മി:** കർത്താവേ, അനുഗ്രഹിക്കണമേ.

**സമൂഹം:** പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ, എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

### *ഒന്നാം സ്ഥലത്തേക്ക് പോകുമ്പോൾ*

മരണത്തിനായി വിധിച്ചു കറയറ്റ
ദൈവത്തിൻ കുഞ്ഞാടിനെ
അപരാധിയായ് വിധിച്ചു കല്മഷം
കലരാത്ത കർത്താവിനെ.

അറിയാത്ത കുറ്റങ്ങൾ നിരയായ് ചുമത്തി
പരിശുദ്ധനായ നിന്നിൽ
കൈവല്ല്യ ദാതാ നിൻ, കാരുണ്യം കൈക്കൊണ്ടോർ
കദനത്തിലാഴ്ത്തി നിന്നെ.

അവസാന വിധിയിൽ നീ, യലിവാർന്നു ഞങ്ങൾക്കാ
യരുളേണമേ നാകഭാഗ്യം.
അവസാന വിധിയിൽ ...

## ഒന്നാം സ്ഥലം

**കാർമ്മി:** ഈശോമിശിഹായെ മരണത്തിനു വിധിക്കുന്നു.

**സമൂഹം:** ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ, അങ്ങു ലോകത്തെ രക്ഷിച്ചു.

**കാർമ്മി:** മനുഷ്യകുലത്തിന്റെ പാപപരിഹാരത്തിനുള്ള ബലി ആരംഭിച്ചുകഴിഞ്ഞു... ഈശോ പീലാത്തോസിന്റെ മുമ്പിൽ നിൽക്കുന്നു... അവിടുത്തെ ഒന്നു നോക്കുക... ചമ്മട്ടിയടിയേറ്റ ശരീരം... രക്തത്തിൽ ഒട്ടിപ്പിടിച്ച വസ്ത്രങ്ങൾ ... തലയിൽ മുൾമുടി... ഉറക്കമൊഴിഞ്ഞ കണ്ണുകൾ... ക്ഷീണത്താൽ വിറയ്ക്കുന്ന കൈകാലുകൾ ... ദാഹിച്ചുവരണ്ട നാവ്... ഉണങ്ങിയ ചുണ്ടുകൾ .

പീലാത്തോസ് വിധിവാചകം ഉച്ചരിക്കുന്നു... കുറ്റമില്ലാത്തവൻ കുറ്റക്കാരനായി വിധിക്കപ്പെട്ടു... എങ്കിലും, അവിടുന്ന് എല്ലാം നിശബ്ദനായി സഹിക്കുന്നു.

എന്റെ ദൈവമായ കർത്താവേ, അങ്ങു കുറ്റമറ്റവനായിരുന്നിട്ടും / കുരിശുമരണത്തിനു വിധിക്കപ്പെട്ടുവല്ലോ. എന്നെ മറ്റുള്ളവർ തെറ്റിദ്ധരിക്കുമ്പോഴും / നിർദ്ദയമായി വിമർശിക്കുമ്പോഴും / കുറ്റക്കാരനായി വിധിക്കുമ്പോഴും / അതെല്ലാം അങ്ങയെപ്പോലെ സമചിത്തനായി സഹിക്കുവാൻ / എന്നെയനുഗ്രഹിക്കണമേ. അവരുടെ ഉദ്ദേശത്തെപ്പറ്റി ചിന്തിക്കാതെ / അവർക്കുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കുവാൻ / എന്നെ സഹായിക്കണമ

1സ്വർഗ്ഗ. ... 1നന്മ. ...

**കാർമ്മി:** കർത്താവേ, അനുഗ്രഹിക്കണമേ.

**സമൂഹം:** പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ, എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

### *രണ്ടാം സ്ഥലത്തേക്കു പോകുമ്പോൾ.*

കുരിശു ചുമന്നിടുന്ന ലോകത്തിൻ
വിനകൾ ചുമന്നിടുന്ന
നീങ്ങുന്നു ദിവ്യനാഥൻ നിന്ദനം
നിറയും നിരത്തിലൂടെ.

എൻ ജനമേ ചൊൽക, ഞാനെന്തു ചെയ്തു
കുരിശെന്റെ തോളിലേറ്റാൻ
പൂന്തേൻ തുളുമ്പുന്ന നാട്ടിൽ ഞാൻ നിങ്ങളെ
ആശയോടാനയിച്ചു.

എന്തേയിദം നിങ്ങളെല്ലാം മറന്നെന്റെ
ആത്മാവിനാതങ്കമേറ്റി.
എന്തേയിദം ...

## രണ്ടാം സ്ഥലം

**കാർമ്മി:** ഈശോമിശിഹാ കുരിശു ചുമക്കുന്നു.

**സമൂഹം:** ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ, അങ്ങു ലോകത്തെ രക്ഷിച്ചു.

**കാർമ്മി:** ഭാരമേറിയ കുരിശും ചുമന്നുകൊണ്ട് / അവിടുന്നു മുന്നോട്ടു നീങ്ങുന്നു... ഈശോയുടെ ചുറ്റും നോക്കുക... സ്നേഹിതന്മാർ ആരുമില്ല... യൂദാസ് അവിടുത്തെ ഒറ്റിക്കൊടുത്തു... പത്രോസ് അവിടുത്തെ പരിത്യജിച്ചു... മറ്റു ശിഷ്യന്മാർ ഓടിയൊളിച്ചു. അവിടുത്തെ അത്ഭുതപ്രവർത്തികൾ കണ്ടവരും / അവയുടെ ഫലമനുഭവിച്ചവരും ഇപ്പോൾ എവിടെ?... ഓശാനപാടി എതിരേറ്റവരും / ഇന്നു നിശബ്ദരായിരിക്കുന്നു... ഈശോയെ സഹായിക്കുവാനോ, ഒരാശ്വാസവാക്കു പറയുവാനോ / അവിടെ ആരുമില്ല...

എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവൻ / സ്വയം പരിത്യജിച്ച് / തന്റെ കുരിശും വഹിച്ചുകൊണ്ട് / എന്റെ പിന്നാലെ വരട്ടെ എന്ന് / അങ്ങ് അരുളിചെയ്തിട്ടുണ്ടല്ലോ. എന്റെ സങ്കടങ്ങളുടെയും ക്ലേശങ്ങളുടെയും കുരിശു ചുമന്നുകൊണ്ട് / ഞാൻ അങ്ങേ രക്തമണിഞ്ഞ കാല്പാടുകൾ പിന്തുടരുന്നു. വലയുന്നവരെയും ഭാരം ചുമക്കുന്നവരെയും ആശ്വസിപ്പിക്കുന്ന കർത്താവേ / എന്റെ ക്ലേശങ്ങളെല്ലാം / പരാതികൂടാതെ സഹിക്കുവാൻ എന്നെ സഹായിക്കണമേ

1 സ്വർഗ്ഗ. ... 1 നന്മ. ...

**കാർമ്മി:** കർത്താവേ, അനുഗ്രഹിക്കണമേ.

**സമൂഹം:** പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ, എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

### *മൂന്നാം സ്ഥലത്തേക്ക് പോകുമ്പോൾ*

കുരിശിൻ കനത്തഭാരം താങ്ങുവാൻ
കഴിയാതെ ലോകനാഥൻ
പാദങ്ങൾ പതറിവീണു കല്ലുകൾ
നിറയും പെരുവഴിയിൽ.

തൃപ്പാദം കല്ലിന്മേൽ തട്ടി മുറിഞ്ഞു
ചെന്നിണം വാർന്നൊഴുകി
മാനവരില്ലാ വാനവരില്ലാ
താങ്ങിത്തുണച്ചീടുവാൻ.

അനുതാപ മൂറുന്ന, ചുടുകണ്ണുനീർ തൂകി
യണയുന്നു മുന്നിൽ ഞങ്ങൾ.
അനുതാപമൂറുന്ന ...

## മൂന്നാം സ്ഥലം

**കാർമ്മി:** ഈശോമിശിഹാ ഒന്നാം പ്രാവശ്യം വീഴുന്നു.

**സമൂഹം:** ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ, അങ്ങു ലോകത്തെ രക്ഷിച്ചു.

**കാർമ്മി:** കല്ലുകൾ നിറഞ്ഞ വഴി.... ഭാരമുള്ള കുരിശ്.... ക്ഷീണിച്ച ശരീരം... വിറയ്ക്കുന്ന കാലുകൾ... അവിടുന്നു മുഖം കുത്തി നിലത്തു വീഴുന്നു.... മുട്ടുകൾ പൊട്ടി രക്തമൊലിക്കുന്നു... യൂദന്മാർ അവിടുത്തെ പരിഹസിക്കുന്നു... പട്ടാളക്കാർ അടിക്കുന്നു... ജനക്കൂട്ടം ആർപ്പുവിളിക്കുന്നു..... അവിടുന്നു മിണ്ടുന്നില്ല.....

"ഞാൻ സഞ്ചരിയ്ക്കുന്ന വഴികളിൽ അവർ എനിക്കു കെണികൾ വെച്ചു. ഞാൻ വലത്തേയ്ക്ക് തിരിഞ്ഞു നോക്കി. എന്നെ അറിയുന്നവർ ആരുമില്ല. ഓടിയൊളിക്കുവാൻ ഇടമില്ല, എന്നെ രക്ഷിക്കുവാൻ ആളുമില്ല."

"അവിടുന്നു നമ്മുടെ ഭാരം ചുമക്കുന്നു. നമുക്കുവേണ്ടി അവിടുന്നു സഹിച്ചു."

കർത്താവേ, ഞാൻ വഹിക്കുന്ന കുരിശിനും ഭാരമുണ്ട്. പലപ്പോഴും കുരിശോടുകൂടെ / ഞാനും നിലത്തു വീണുപോകുന്നു. മറ്റുള്ളവർ അതുകണ്ടു പരിഹസിക്കുകയും, എന്റെ വേദന വർദ്ധിപ്പിക്കുകയും ചെയ്യാറുണ്ട്. കർത്താവേ, എനിക്കു വീഴ്ചകൾ ഉണ്ടാകുമ്പോൾ / എന്നെത്തന്നെ നിയന്ത്രിക്കുവാൻ / എന്നെ പഠിപ്പിക്കണമേ. കുരിശു വഹിക്കുവാൻ ശക്തിയില്ലാതെ ഞാൻ തളരുമ്പോൾ / എന്നെ സഹായിക്കണമേ .

1 സ്വർഗ്ഗ. ... 1 നന്മ. ...

**കാർമ്മി:** കർത്താവേ, അനുഗ്രഹിക്കണമേ.

**സമൂഹം:** പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ, എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

### *നാലാം സ്ഥലത്തേക്ക് പോകുമ്പോൾ*

വഴിയിൽക്കരഞ്ഞു വന്നോ-രമ്മയെ
തനയൻ തിരിഞ്ഞു നോക്കി.

സ്വർഗ്ഗീയ കാന്തി ചിന്തും, മിഴികളിൽ
കുരമ്പു താണിറങ്ങി.

ആരോടു നിന്നെ ഞാൻ സാമ്യ-പ്പെടുത്തും
കദന പ്പെരുങ്കടലേ
ആരറിഞ്ഞാഴത്തി ലലതല്ലി നിൽക്കുന്ന
നിൻ മനോവേദന.

നിൻ കണ്ണുനീരാൽ
കഴുകേണമെന്നിൽ
പതിയുന്ന മാലിന്യമെല്ലാം.
നിൻ കണ്ണുനീരാൽ ...

## നാലാം സ്ഥലം

**കാർമ്മി:** ഈശോമിശിഹാ തന്റെ തിരുമാതാവിനെ കാണുന്നു.

**സമൂഹം:** ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ, അങ്ങു ലോകത്തെ രക്ഷിച്ചു.

**കാർമ്മി:** കുരിശുയാത്ര മുന്നോട്ടു നീങ്ങുന്നു... ഇടയ്ക്ക് സങ്കടകരമായ ഒരു കൂടികാഴ്ച... അവിടുത്തെ മാതാവു ഓടിയെത്തുന്നു... അവർ പരസ്പരം നോക്കി... കവിഞ്ഞൊഴുകുന്ന നാല് കണ്ണുകൾ... വിങ്ങിപ്പൊട്ടുന്ന രണ്ടു ഹൃദയങ്ങൾ... അമ്മയും മകനും സംസാരിക്കുന്നില്ല... മകന്റെ വേദന അമ്മയുടെ ഹൃദയം തകർക്കുന്നു... അമ്മയുടെ വേദന മകന്റെ ദുഃഖം വർദ്ധിപ്പിക്കുന്നു..

നാല്പതാം ദിവസം / ഉണ്ണിയെ ദേവാലയത്തിൽ കാഴ്ച വെച്ച സംഭവം / മാതാവിന്റെ ഓർമ്മയിൽ വന്നു. "നിന്റെ ഹൃദയത്തിൽ ഒരു വാൾ കടക്കും" എന്ന് / പരിശുദ്ധനായ ശിമയോൻ അന്ന് പ്രവചിച്ചു.

"കണ്ണുനീരോടെ വിതയ്ക്കുന്നവൻ / സന്തോഷത്തോടെ കൊയ്യുന്നു". "ഈ ലോകത്തിലെ നിസ്സാരസങ്കടങ്ങൾ / നമുക്കു നിത്യഭാഗ്യം പ്രദാനം ചെയ്യുന്നു."

ദുഃഖസമുദ്രത്തിൽ മുഴുകിയ ദിവ്യ രക്ഷിതാവേ, സഹനത്തിന്റെ ഏകാന്ത നിമിഷങ്ങളിൽ / അങ്ങേ മാതാവിന്റെ മാതൃക / ഞങ്ങളെ ആശ്വസിപ്പിക്കട്ടെ. അങ്ങയുടെയും അങ്ങേ മാതാവിന്റെയും സങ്കടത്തിനു കാരണം / ഞങ്ങളുടെ പാപങ്ങൾ ആണെന്ന് ഞങ്ങൾ അറിയുന്നു. അവയെല്ലാം പരിഹരിക്കുവാൻ / ഞങ്ങളെ സഹായിക്കണമേ.

1സ്വർഗ്ഗ. ... 1നന്മ. ...

**കാർമ്മി:** കർത്താവേ, അനുഗ്രഹിക്കണമേ.

**സമൂഹം:** പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ, എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

### *അഞ്ചാം സ്ഥലത്തേക്ക് പോകുമ്പോൾ*

കുരിശു ചുമന്നു നീങ്ങും, നാഥനെ
ശിമയോൻ തുണച്ചീടുന്നു.
നാഥാ നിൻ കുരിശു താങ്ങാൻ കൈവന്ന
ഭാഗ്യമേ ഭാഗ്യം.

നിൻ കുരിശെത്രയോ, ലോലം നിൻ നുക
മാനന്ദദായകം.
അഴലിൽ വീണഴലുന്നോർ ക്കവലംബമേകുന്ന
കുരിശേ നമിച്ചിടുന്നു.

സുരലോക നാഥാ നിൻ
കുരിശൊന്നു താങ്ങുവാൻ
തരണേ വരങ്ങൾ നിരന്തം.
സുരലോക നാഥാ നിൻ ...

## അഞ്ചാംസ്ഥലം

**കാർമ്മി:** ഈശോമിശിഹായെ ശെമയോൻ സഹായിക്കുന്നു.

**സമൂഹം:** ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ, അങ്ങു ലോകത്തെ രക്ഷിച്ചു.

**കാർമ്മി:** ഈശോ വളരെയധികം തളർന്നു കഴിഞ്ഞു... ഇനി കുരിശോടുകൂടെ മുന്നോട്ടു നീങ്ങുവാൻ ശക്തനല്ല... അവിടുന്നു വഴിയിൽ വെച്ചു തന്നെ മരിച്ചുപോയേക്കുമെന്ന് / യൂദന്മാർ ഭയന്നു... അപ്പോൾ ശിമയോൻ എന്നൊരാൾ / വയലിൽ നിന്നു വരുന്നത് അവർ കണ്ടു. കെവുറീൻകാരനായ ആ മനുഷ്യൻ / അലക്സാണ്ടറിന്റെയും റോപ്പോസിന്റെയും പിതാവായിരുന്നു... അവിടുത്തെ കുരിശുചുമക്കാൻ / അവർ അയാളെ നിർബന്ധിച്ചു. അവർക്ക് ഈശോയോട് സഹതാപം തോന്നിയിട്ടല്ല. ജീവനോടെ അവിടുത്തെ കുരിശിൽ തറയ്ക്കണമെന്ന് / അവർ തീരുമാനിച്ചിരുന്നു.

കരുണാനിധിയായ കർത്താവേ, ഈ സ്ഥിതിയിൽ ഞാൻ അങ്ങയെ കണ്ടിരുന്നുവെങ്കിൽ / എന്നെത്തന്നെ വിസ്മരിച്ച് / ഞാൻ അങ്ങയെ സഹായിക്കുമായിരുന്നു. എന്നാൽ, "എന്റെ ഈ ചെറിയ സഹോദരന്മാരിൽ ആർക്കെങ്കിലും / നിങ്ങൾ സഹായം ചെയ്യുപ്പോഴെല്ലാം / എനിക്കുതന്നെയാണ് ചെയ്യുത് എന്ന് / അങ്ങ് അരുളിചെയ്തിട്ടുണ്ടല്ലോ." അതിനാൽ ചുറ്റുമുള്ളവരിൽ അങ്ങയെ കണ്ടുകൊണ്ട് / കഴിവുള്ള വിധത്തിലെല്ലാം അവരെ സഹായിക്കുവാൻ / എന്നെ അനുഗ്രഹിക്കണമേ. അപ്പോൾ ഞാനും

ശിമയോനെപ്പോലെ അനുഗ്രഹീതനാകും, അങ്ങേ പീഡാനുഭവം എന്നിലൂടെ പൂർത്തിയാവുകയും ചെയ്യും.

1സ്വർഗ്ഗ. ... 1നന്മ. ...

**കാർമ്മി:** കർത്താവേ, അനുഗ്രഹിക്കണമേ.

**സമൂഹം:** പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ, എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

### *ആറാം സ്ഥലത്തേയ്ക്ക് പോകുമ്പോൾ*

വാടിത്തളർന്നു മുഖം - നാഥന്റെ
കണ്ണുകൾ താണുമങ്ങി.
വേറോനിക്കാ മിഴിനീർ - തൂകിയാ
ദിവ്യാനനം തുടച്ചു.

മാലാഖാമാർക്കെല്ലാ മാനന്ദമേകുന്ന
മാനത്തെപ്പൂനിലാവേ.
താബോർമാമല, മേലേ നിന്മുഖം
സൂര്യനെപ്പോലെ മിന്നി.

ഇന്നാമുഖത്തിന്റെ
ലാവണ്യമൊന്നാകെ
മങ്ങി ദുഃഖത്തിൽ മുങ്ങി.
ഇന്നാമുഖത്തിന്റെ ...

## ആറാം സ്ഥലം

**കാർമ്മി:** വേറോനിക്ക ഈശോമിശിഹായുടെ തിരുമുഖം തുടയ്ക്കുന്നു.

**സമൂഹം:** ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ, അങ്ങു ലോകത്തെ രക്ഷിച്ചു.

**കാർമ്മി:** ഭക്തയായ വേറോനിക്കാ മിശിഹായെ കാണുന്നു... അവളുടെ ഹൃദയം സഹതാപത്താൽ നിറഞ്ഞു... അവൾക്ക് അവിടുത്തെ ആശ്വസിപ്പിക്കണം. പട്ടാളക്കാരുടെ മദ്ധ്യത്തിലൂടെ / അവൾ ഈശോയെ സമീപിക്കുന്നു... ആരെങ്കിലും എന്തെങ്കിലും പറഞ്ഞുകൊള്ളട്ടെ... സ്നേഹം പ്രതിബന്ധം അറിയുന്നില്ല... "പരമാർത്ഥ ഹൃദയർ അവിടുത്തെ കാണും." "അങ്ങിൽ ശരണപ്പെടുന്നവരാരും നിരാശരാവുകയില്ല." അവൾ ഭക്തിപൂർവ്വം തന്റെ തുവാലയെടുത്തു... രക്തം പുരണ്ട മുഖം വിനയപൂർവ്വം തുടച്ചു...

"എന്നോടു സഹതാപിക്കുന്നവരുണ്ടോ എന്ന് ഞാൻ അന്വേഷിച്ചു നോക്കി. ആരെയും കണ്ടില്ല. എന്നെയാശ്വസിപ്പിക്കാൻ ആരുമില്ല." പ്രവാചകൻ വഴി അങ്ങ് അരുളിച്ചെയ്ത ഈ വാക്കുകൾ / എന്റെ ചെവികളിൽ മുഴങ്ങിക്കൊണ്ടിരിയ്ക്കുന്നു. സ്നേഹം നിറഞ്ഞ കർത്താവേ, വേറോനിക്കായെപ്പോലെ അങ്ങയോടു സഹതപിക്കുവാനും / അങ്ങയെ ആശ്വസിപ്പിക്കുവാനും ഞാൻ ആഗ്രഹിക്കുന്നു. അങ്ങേ പീഡാനുഭവത്തിന്റെ മായാത്ത മുദ്ര / എന്റെ ഹൃദയത്തിൽ പതിക്കണമേ.

1സ്വർഗ്ഗ. ... 1നന്മ. ...

**കാർമ്മി:** കർത്താവേ, അനുഗ്രഹിക്കണമേ.

**സമൂഹം:** പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ, എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

### *ഏഴാം സ്ഥലത്തേയ്ക്ക് പോകുമ്പോൾ*

ഉച്ചവെയ്‌ലിൽ പൊരിഞ്ഞു - ദുസ്സഹ
മർദ്ദനത്താൽ വലഞ്ഞു.
ദേഹം തളർന്നുതാണു - രക്ഷകൻ
വീണ്ടും നിലത്തു വീണു.

ലോകപാപങ്ങളാ ണങ്ങയെ വീഴിച്ചു
വേദനിപ്പിച്ചതേവം.
ഭാരം നിറഞ്ഞൊരാ ക്രൂശു നിർമ്മിച്ചതെൻ
പാപങ്ങൾ തന്നെയല്ലോ.

താപം കലർന്നങ്ങേ
പാദം പുണർന്നു ഞാൻ
കേഴുന്നു കനിയേണമെന്നിൽ.
താപം കലർന്നങ്ങേ ...

## ഏഴാം സ്ഥലം

**കാർമ്മി:** ഈശോമിശിഹാ രണ്ടാം പ്രാവശ്യം വീഴുന്നു.

**സമൂഹം:** ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ, അങ്ങു ലോകത്തെ രക്ഷിച്ചു.

**കാർമ്മി:** ഈശോ ബലഹീനനായി വീണ്ടും നിലത്തു വീഴുന്നു... മുറിവുകളിൽ നിന്നു രക്തമൊഴുകുന്നു... ശരീരമാകെ വേദനിക്കുന്നു. "ഞാൻ പൂഴിയിൽ വീണുപോയി / എന്റെ ആത്മാവു ദു:ഖിച്ചു തളർന്നു" ചുറ്റുമുള്ളവർ പരിഹസിക്കുന്നു... അവിടുന്ന് അതൊന്നും ഗണ്യമാക്കുന്നില്ല... "എന്റെ പിതാവ് എനിക്കുതന്ന പാനപാത്രം / ഞാൻ കുടിക്കേണ്ടതല്ലയോ?" പിതാവിന്റെ ഇഷ്ടം നിറവേറ്റാനല്ലാതെ / അവിടുന്നു മറ്റൊന്നും ആഗ്രഹിക്കുന്നില്ല.

മനുഷ്യപാപങ്ങളുടെ ഭാരമെല്ലാം ചുമന്ന മിശിഹായെ, അങ്ങയെ ആശ്വസിപ്പിക്കുവാനായി / ഞങ്ങൾ അങ്ങയെ സമീപിക്കുന്നു. അങ്ങയെക്കൂടാതെ / ഞങ്ങൾക്ക് ഒന്നും ചെയ്യുവാൻ ശക്തിയില്ല. ജീവിതത്തിന്റെ ഭാരത്താൽ ഞങ്ങൾ തളർന്നു വീഴുകയും / എഴുന്നേൽക്കുവാൻ

കഴിവില്ലാതെ വലയുകയും ചെയ്യുന്നു. അങ്ങേ തൃക്കൈ നീട്ടി ഞങ്ങളെ സഹായിക്കണമേ.

**കാർമ്മി:** കർത്താവേ, അനുഗ്രഹിക്കണമേ.

**സമൂഹം:** പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ, എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

### *എട്ടാം സ്ഥലത്തേയ്ക്ക് പോകുമ്പോൾ*

ഓർശ്ലേമിൻ പുത്രിമാരേ - നിങ്ങളി
ന്നെന്നെയോർത്തെന്തിനേവം
കരയുന്നു നിങ്ങളേയും - സുതരേയു
മോർത്തോർത്തു കേണുകൊൾവിൻ.

വേദന തിങ്ങുന്ന കാലം വരുന്നു
കണ്ണീരണിഞ്ഞ കാലം.
മലകളേ ഞങ്ങളെ മൂടുവിൻ വേഗമെ
ന്നാരവം കേൾക്കുമെങ്ങും.

കരൾനൊന്തു കരയുന്ന
നാരീഗണത്തിനു
നാഥൻ സമാശ്വാസമേകി
കരൾനൊന്തു കരയുന്ന ...

## എട്ടാം സ്ഥലം

**കാർമ്മി:** ഈശോമിശിഹാ ജറുസലെം നഗരിയിലെ സ്ത്രീകളെ ആശ്വസിപ്പിക്കുന്നു.

**സമൂഹം:** ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ, അങ്ങു ലോകത്തെ രക്ഷിച്ചു.

**കാർമ്മി:** ഓർശ്ലത്തിന്റെ തെരുവുകൾ ശബ്ദായമാനമായി... പതിവില്ലാത്ത ബഹളം കേട്ട് / സ്ത്രീജനങ്ങൾ വഴിയിലേയ്ക്കു വരുന്നു... അവർക്കു സുപരിചിതനായ ഈശോ / കൊലക്കളത്തിലേയ്ക്ക് നയിക്കപ്പെടുന്നു... അവിടുത്തെ പേരിൽ അവർക്ക് അനുകമ്പ തോന്നി... ഓശാന ഞായറാഴ്ചത്തെ ഘോഷയാത്ര / അവരുടെ ഓർമ്മയിൽ വന്നു... സൈത്തിൻ കൊമ്പുകളും ജയ് വിളികളും... അവർ കണ്ണുനീർ വാർത്തു കരഞ്ഞു... അവരുടെ സഹതാപപ്രകടനം അവിടുത്തെ ആശ്വസിപ്പിച്ചു... അവിടുന്ന് അവരോടു പറയുന്നു: "നിങ്ങളെയും നിങ്ങളുടെ കുഞ്ഞുങ്ങളെയും ഓർത്തു കരയുവിൻ."

ഏതാനും വർഷങ്ങൾക്കുള്ളിൽ ഓർശ്ലം ആക്രമിക്കപ്പെടും... അവരും അവരുടെ കുട്ടികളും പട്ടിണി കിടന്നു മരിക്കും... ആ സംഭവം അവിടുന്നു പ്രവചിക്കുകയായിരുന്നു... അവിടുന്നു സ്വയം മറന്ന് അവരെ ആശ്വസിപ്പിക്കുന്നു.

എളിയവരുടെ സങ്കേതമായ കർത്താവേ, ഞെരുക്കത്തിന്റെ കാലത്ത് ഞങ്ങളെ ആശ്വസിപ്പിക്കുന്ന ദൈവമേ, അങ്ങേ ദാരുണമായ പീഡകൾ ഓർത്ത് / ഞങ്ങൾ ദുഃഖിക്കുന്നു. അവയ്ക്ക് കാരണമായ ഞങ്ങളുടെ പാപങ്ങളോർത്ത് കരയുവാനും / ഭാവിയിൽ പരിശുദ്ധരായി ജീവിക്കുവാനും / ഞങ്ങളെ അനുഗ്രഹിക്കണമേ.

1സ്വർഗ്ഗ. ... 1നന്മ. ...

**കാർമ്മി:** കർത്താവേ, അനുഗ്രഹിക്കണമേ.

**സമൂഹം:** പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ, എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

### *ഒൻപതാം സ്ഥലത്തേയ്ക്ക് പോകുമ്പോൾ*

കൈകാലുകൾ കുഴഞ്ഞു - നാഥന്റെ
തിരുമെയ് തളർന്നലഞ്ഞു.
കുരിശുമായി മൂന്നാമതും - പൂഴിയിൽ
വീഴുന്നു ദൈവപുത്രൻ.

മെഴുകുപോലെന്നുടെ ഹൃദയമുരുകി
കണ്ഠം വരണ്ടുണങ്ങി.
താണുപോയി നാവെന്റെ ദേഹം നുറുങ്ങി
മരണം പറന്നിറങ്ങി.

വളരുന്നു ദുഃഖങ്ങൾ
തളരുന്നു പൂമേനി
ഉരുകുന്നു കരളിന്റെയുള്ളം.
വളരുന്നു ദുഃഖങ്ങൾ ...

## ഒമ്പതാം സ്ഥലം

**കാർമ്മി:** ഈശോമിശിഹാ മൂന്നാം പ്രാവശ്യം വീഴുന്നു.

**സമൂഹം:** ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ, അങ്ങു ലോകത്തെ രക്ഷിച്ചു.

